**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1283** **10-10-2024 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യൂ.ഡി. മാനുവൽ പരിഷ്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കരാറുകാർക്ക് സമയബന്ധിതമായി ബിൽ തുക മാറി നൽകാത്തതുമൂലം നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശിക എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ; | (എ) | കരാറുകാർക്ക് സമയബന്ധിതമായി ബിൽ തുക മാറി നൽകാത്തതുമൂലം നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നില്ല.<br><br>നിരത്തുകൾ, പാലങ്ങൾ, നിരത്ത് പരിപാലനം എന്നീ വിഭാഗങ്ങളിലായി 01/02/2024 മുതൽ 31/07/2024 വരെ കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ 857.41 കോടി രൂപയും, കെട്ടിട വിഭാഗത്തിനു കീഴിൽ 2024ഫെബ്രുവരി മുതൽ 2024 ജൂലൈ വരെ 258.07 കോടി രൂപയും, ദേശീയപാത വിഭാഗത്തിനു കീഴിൽ 50.83 കോടി രൂപയും കൊടുത്തു തീർക്കുവാനുണ്ട്. |
| (ബി) | ജി.എസ്.ടി. നിയമത്തിന് അനുസൃതമായി പി.ഡബ്ല്യൂ.ഡി. മാനുവൽ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത മാനുവൽ പ്രകാരം കരാറുകാർക്ക് ജി.എസ്.ടി. നികുതി നിരക്കിലെ അന്തരം മൂലം സംഭവിച്ച നഷ്ടം നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കാലാകാലങ്ങളിൽ പ്രാബല്യത്തിൽ വരുന്ന GST നിരക്കനുസരിച്ച് പ്രവർത്തിമൂല്യത്തോട് GST കൂട്ടിയതിനു ശേഷമുള്ള ബിൽ തുകയാണ് കരാറുകാർക്ക് നൽകുന്നത്. ആയതിനാൽ ഈ വിഷയത്തിൽ PWD Manual പ്രത്യേകിച്ച് പരിഷ്കരിക്കേണ്ടതില്ല. |
| (സി) | നിലവിൽ സർക്കാർ കരാറുകാരന് എം.ബുക്കിൽ കരാർ പ്രവൃത്തികൾ രേഖപ്പെടുത്തുന്ന തീയതി മുതൽ ജി.എസ്.ടി. ഒടുക്കുവാനുള്ള ബാധ്യത വന്നുചേരുന്നതിനാൽ ജി.എസ്.ടി. നിയമത്തിലെ 18% പലിശ ബാധ്യതകൂടി കരാറുകാരൻ ഒടുക്കേണ്ടതായി വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | 15/09/2022-ലെ 79/2022/Fin സർക്കുലർ പ്രകാരം, 18/07/2022 മുതൽ മെഷർമെന്റ് ഇട്ടിട്ടുള്ള എല്ലാ പ്രവൃത്തികൾക്കും 18% GST നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ